നം. ബി 2 - 5396

ജോയിന്റ് കമ്മീഷണറുടെ കാര്യാലയം,
സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ടാക്സ്ടവേഴ്സ്, കരമന, തിരുവനന്തപുരം
tvmdc.ctd@kerala.gov.in
Ph:0471-2785026
തീയതി- 13-10-2021

ജില്ലാതല ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റി ആഗസ്റ്റ് 2021

2021 ഒക്ടോബർ മാസത്തെ ജില്ലാതല ജി.എസ്.ടി ഫെസിലിറ്റേഷൻ കമ്മിറ്റിയോഗം ഒക്ടോബർ 13-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 3..00 മണിക്ക് ഗൂഗിൾ മീറ്റ് വഴി നടത്തുകയുണ്ടായി. ജില്ലാതല ജോയിന്റ് കമ്മീഷണറുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികളേയും വകുപ്പ് പ്രതിനിധികളേയും ജോയിന്റ് കമ്മീഷണർ സ്വാഗതം ചെയ്തു. സംസ്ഥാന നികുതിവകുപ്പിന്റെ പ്രത്യേക ക്ഷണപ്രകാരം ശ്രീമതി. ഗോമതി IRS , നോർത്ത് സൗത്ത് ഡെപ്യൂട്ടി കമ്മീഷണർ, (സി.ജി.എസ്.ടി.), ശ്രീമതി. ശ്രീപാർവ്വതി എസ്.എൽ, അസിസ്റ്റന്റ് കമ്മീഷണർ, (CGST), ശ്രീ. സുരേഷ് എസ് , സൂപ്രണ്ട് (സി.ജി.എസ്.ടി.) എന്നിവർ യോഗത്തിൽ പങ്കെടുത്തു. മുൻ യോഗത്തിന്റെ മിനുട്സ് വായിക്കുകയും അതുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ എടുത്ത നടപടികൾ വിശദീകരിക്കുകയുമുണ്ടായി.

പങ്കെടുത്ത വകുപ്പ് പ്രതിനിധികൾ

1. ശ്രീമതി. ഗോമതി , നോർത്ത് സൗത്ത് ഡെപ്യൂട്ടി കമ്മീഷണർ,സി.ജി.എസ്.ടി
2. ശ്രീ. സുർജിത്ത് ഡെപ്യൂട്ടി കമ്മീഷണർ (1)
3. ശ്രീ. ചന്ദ്രശേഖർ ,ഡെപ്യൂട്ടി കമ്മീഷണർ , വർക്കസ് കോൺട്രാക്ട്
3. ശ്രീ. ബി. മനു. ഡെപ്യൂട്ടി കമ്മീഷണർ ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
4. ശ്രീ.ശൈലേന്ദ്രൻ എസ്, ഡെപ്യൂട്ടി കമ്മീഷണർ ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
5. ശ്രീ. എസ് . സാബുകുമാർ, ഡെപ്യൂട്ടി കമ്മീഷണർ ,സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം
6. ശ്രീ. അജിൽ കുമാർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, വർക്കസ് കോൺട്രാക്ട്
7. ശ്രീ. മനേഷ് കുമാർ. വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ
8. ശ്രീ. സുരേഷ് എസ് , സൂപ്രണ്ട്, സെൻട്രൽ എക്സൈസ്
9. ശ്രീ. എ. മുരുഗൻ, ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം
10. ശ്രീ സജിത്ത് പി. എസ് ,ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം
11. ശ്രീമതി. വീണ. എ.ബി, ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം
11. ശ്രീമതി. ശ്രീപാർവ്വതി എസ്.എൽ, അസിസ്റ്റന്റ് കമ്മീഷണർ ,CGST
12. Aastha Siva
13. Ansalna beegum A(STO)
14. Deepak STO (AIT)
15 Gayathri PG

16. Ragini MR(CTI)

17. Rejimol (STO)

18. Remya Daniel (STO)

19 Resmi R Chandran (STO)

20 Shobha TC (STO)

21. Sheeja R

22. Suresh Kumar (STO)

23. Vinod V S (STO)

പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ

1. ശ്രീ. ഇരുമ്പിൽ വിജയൻ
2. ശ്രീ. മഹേഷ് തയ്യൂർ
3. ശ്രീ. രാമകൃഷ്ണൻ.ടി.എസ്
4. ശ്രീ. വിജയൻ ആചാരി
5. ശ്രീ. വിജയൻ.വൈ

കഴിഞ്ഞ യോഗത്തിൽ സ്വീകരിച്ച നടപടികൾ ജോയിന്റ് കമ്മീഷണർ വ്യക്തമാക്കിക്കൊടുക്കുകയുണ്ടായി. ശ്രീ. അജിൽ കുമാർ, സ്റ്റേറ്റ് ടാക്സ് ഓഫീസർ, ശ്രീ സുരേഷ് എസ് , സൂപ്രണ്ട് , (CGST), ശ്രീ. മനേഷ് കുമാർ. വി.കെ. അസിസ്റ്റന്റ് സ്റ്റേറ്റ് ടാക്സ് ഓഫീസർ, എന്നിവർ വിശദീകരിച്ചു. യോഗത്തിൽ പ്രതിനിധികൾ ചർച്ച ചെയ്തതും ഉന്നയിച്ചതുമായ വിഷയങ്ങൾ ചുവടെ ചേർക്കുന്നു. ഇക്കഴിഞ്ഞ മാസം നിലവിൽ വന്ന താഴെ പറയുന്ന മാറ്റങ്ങൾ വ്യാപാരികൾക്കും വ്യാപാരപ്രതിനിധികൾക്കും വേണ്ടി വിശദീകരിക്കുകയുണ്ടായി.

2021 സെപ്റ്റംബർ മാസത്തിൽ GST നിയമത്തിൽ നിലവിൽ വന്നിട്ടുള്ള മാറ്റങ്ങൾ താഴെ പറയുന്നവയാണ്.

45-ാമത് GST കൗൺസിലിൽ വളരെയധികം തീരുമാനങ്ങളും, നികുതി നിരക്കിലുള്ള മാറ്റങ്ങളും പ്രഖ്യാപിക്കപ്പെട്ടു.

ഇതുമായി ബന്ധപ്പെട്ടും,അല്ലാതെയും നോട്ടിഫിക്കേഷനുകൾ,Tax rate നോട്ടിഫിക്കേഷനുകൾ,സർക്കുലറുകൾ എന്നിവയാണ് ഇക്കഴിഞ്ഞ മാസം പുറത്തിറങ്ങിയിട്ടുള്ളത്.

ആദ്യമായി GST Council ശുപാർശകൾ പരിശോധിക്കാം.

I (A) നേരത്തെ കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട്concessional നികുതി നിരക്ക് 30.09.2021 വരെ പ്രഖ്യാപിച്ചിരുന്ന നാല് മരുന്നുകൾ ഉൾപ്പെടെ മറ്റ് ഏഴു മരുന്നുകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട്, പതിനൊന്ന് കോവിഡ് ചികിത്സാ മരുന്നുകളെ 31.12.2021 വരെ Concessional നികുതി നിരക്കിൽ കൊണ്ടുവരുവാൻ തീരുമാനിച്ചു. ആയതിന്റെ ലിസ്റ്റ് താഴെ പറയുന്നു.

1	Tocilizumab	Nil
2	Amphotericin B	Nil
3	Remdesivir	2.5%
4	Heparin (anti-coagulant)	2.5%
5	Itolizumab	2.5%
6	Posaconazole	2.5%
7	Infliximab	2.5%
8	Bamlanivimab & Etesevimab	2.5%
9	Casirivimab & Imdevimab	2.5%
10	2-Deoxy-D-Glucose	2.5%
11	Favipiravir	2.5%

ഇതുമായി ബന്ധപ്പെട്ട് Central Tax (Rate) Notificattion Number 12/2021 dated 30.09.2021 പുറത്തിറങ്ങിയിട്ടുണ്ട്.

(B) മറ്റൊരു ശുപാർശ 14 ഇനത്തിൽപ്പെട്ട സാധനങ്ങളുടെ (Goods) നികുതി നിരക്കിലുണ്ടാകുന്ന മാറ്റവുമായി ബന്ധപ്പെട്ടാണ്.(01.10.2021 മുതൽ)

ഇത്തരത്തിൽ മാറ്റം വന്നിട്ടുള്ള സാധനങ്ങളും അവയുടെ മുൻ നികുതി നിരക്കും ഇപ്പോഴത്തെ നികുതി നിരക്കും ചുവടെ ചേർക്കുന്നു.

S. No.	Description	From	To
1	Retro fitment kits for vehicles used by the disabled	Appl Rate	5%
2	Fortified Rice Kernels for schemes like ICDS etc	18%	5%
3	Medicine Keytruda for treatment of cance	12%	5%
4	Biodiesel supplied to OMCs for blending with Diesel	12%	5%
5	Ores and concentrates of metals such as iron, copper, aluminium, zinc and few others	5%	18%
6	Specified Renewable Energy Devices and parts	5%	12%
7	Cartons, boxes, bags, packing containers of paper etc.	12%/18%	18%
8	Waste and scrap of polyurethanes and other plastic	5%	18%
9	All kinds of pens	12%/18%	18%

10	Railway parts, locomotives & other goods in Chapter 86	12%	18%
11	Miscellaneous goods of paper like cards, catalogue, printed material (Chapter 49 of tariff)	12%	18%
12	IGST on import of medicines for personal use, namely i. Zolgensma for Spinal Muscular Atrophy ii. Viltepso for Duchenne Muscular Dystrophy iii. Other medicines used in treatment of muscular atrophy recommended by Ministry of Health and Family Welfare and Department of Pharmaceuticals	12%	Nil
13	IGST exemption on goods supplied at Indo–BangladeshBorder haats	Appl rate	Nil
14	Unintended waste generated during the production of fish meal except for Fish Oil	Nil (For the period from 01–07–2017 to 30.09.2019)	

ഇവ Central Tax (Rate) Notification 8/2021 dated 30.09.2021, 11/2021 dated 30.09.2021, 09/2021 dated 30.09.2021, എന്നിവയിലൂടെ Notify ചെയ്തിട്ടുണ്ട്.

(C) മറ്റൊരു പ്രധാന ഭേദഗതി ഏതാണ്ട് 5 ഇനത്തിൽപ്പെടുന്ന സർവ്വീസുകളുടെ നികുതി നിരക്കിൽ വ്യത്യാസം വരുത്തി എന്നതാണ്. (01.10.2021 മുതൽ)

നികുതി നിരക്കിൽ മാറ്റം വന്നിട്ടുള്ള സർവ്വീസുകൾ താഴെ പറയുന്നവയാണ്.

1) ചരക്ക് വാഹനങ്ങൾക്ക് National Permit നൽകുന്നതുമായി ബന്ധപ്പെട്ട് നൽകുന്ന service ന് മേൽ (Permit Fee) ഈടാക്കിയിരുന്ന 18% നികുതി ഒഴിവാക്കി (Nil Rated ആക്കി).

ഇത് നോട്ടിഫിക്കേഷൻ 7/2021–Central Tax (Rate) dated 30.09.2021 പ്രകാരം notify ചെയ്തിട്ടുണ്ട്.

2) വിദഗ്ധ പരിശീലനങ്ങളിൽ ചിലവിന്റെ 75% മോ അതിനുമുകളിലോ സർക്കാർ വഹിക്കുന്ന case കളിൽ 18% നികുതിയുണ്ടായിരുന്നത് ഒഴിവാക്കി (Nil rated). നേരത്തെ പൂർണ്ണമായും ചിലവ് സർക്കാർ വഹിക്കുന്ന case കളിൽ മാത്രമാണ് നികുതിയൊഴിവ് നൽകിയിരുന്നത്.

ഇത് നോട്ടിഫിക്കേഷൻ 7/2021–Central Tax (Rate)dated 30.09.2021 പ്രകാരം notify ചെയ്തിട്ടുണ്ട്.

(3) AFC Women's Asia Cup 2022–മായി ബന്ധപ്പെട്ട സർവ്വീസുകൾ 18% നികുതി നിരക്കിൽ നിന്നും പൂർണമായും നികുതി ഒഴിവ് അനുവദിച്ചു.

ഇത് നോട്ടിഫിക്കേഷൻ 7/2021–Central Tax (Rate)dated 30.09.2021 പ്രകാരം notify ചെയ്തിട്ടുണ്ട്.

4) Original films broadcast ചെയ്യുന്നതിനും right to broadcast the films ഉപയോഗിക്കുന്നതിനും, sound recordings, radio-television programmes എന്നിവയും ലൈസൻസിംഗ് സർവ്വീസുകളും 12% ൽ നിന്നും 18%മായി ഉയർത്തി.

5) Printing and reproduction services of recorded media യിൽ content, publisher തന്നെ നൽകുന്നതാണെങ്കിൽ നികുതി നിരക്ക് 12% ൽ നിന്നും 18 % ആയി ഉയർത്തി.

ഈ നികുതി മാറ്റം കൂടാതെ മറ്റുചില ശുപാർശകളും സർവ്വീസിലെ നികുതിയുമായി ബന്ധപ്പെട്ട് നൽകിയിട്ടുണ്ട് (താഴെ പറയുന്നവ)

1) ഇന്ത്യയിൽ നിന്ന് വിദേശത്തേക്ക് കടൽ മാർഗ്ഗമോ വായുമാർഗ്ഗമോ നടത്തുന്ന Transportation നുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള GST Exemption 30.09.2022 വരെ നീട്ടി നൽകും.

2) IRFC (Indian Railway Finance Corporation) യ്ക്ക് rolling workshop കൾ lease ചെയ്യുന്നതിനായി Indian Railway യ്ക്കുഅനുവദിച്ചിരുന്ന നികുതി exemption പിൻവലിക്കും.

3) E -Commerce Operator മാർ 1.1.2022 മുതൽ

i) അവർ വഴി നടത്തുന്ന Transport of passengers (ഏതുതരം വാഹനത്തിലും)
ii) അവർ വഴി നടത്തുന്ന restaurant services

എന്നിവയിൽ നികുതിയടയ്ക്കുന്നതിനുള്ള ബാദ്ധ്യത പ്രസ്തുത e-commerce operator മാർക്കായിരിക്കും.

4) വിദേശത്ത് നിന്നും lease നെടുത്ത ഒരു സാധനം (Goods) ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യുമ്പോൾ lease amount നുമേൽ GST അടയ്ക്കുന്ന case കളിൽ, IGST Exemption നൽകുന്നതുമായി ബന്ധപ്പെട്ട നിബന്ധനകളിൽ ചില ഇളവുകൾ അനുവദിച്ചിട്ടുണ്ട്.

ഇത്തരം exemptions താഴെ പറയുന്ന സാഹചര്യത്തിലും അനുവദിക്കുന്നതാണ്.

i) ഇത്തരം സാധനം ആദ്യ lease കാലാവധി പൂർത്തിയാകുമ്പോൾ ഇന്ത്യയിലുള്ള മറ്റൊരു lessee യ്ക്ക് (മറ്റൊരാൾ lease നെടുത്താലും) transfer ചെയ്യുമ്പോൾ .

ii) Lease ന് കൊടുക്കുന്നയാൽ SEZ unit ൽ ഉള്ളയാളും forward charge basis ൽ tax അടയ്ക്കുന്ന ആളുമാണെങ്കിൽ.

(D). Goods മായി ബന്ധപ്പെട്ട് GST Tax rate ൽ താഴെപറയുന്ന clarifications നൽകിയിട്ടുണ്ട്.

1) മറ്റ് addtives ചേരാത്ത ശുദ്ധമായ ഹെന്നാ പൗഡർ/ പെയിസ്റ്റ് എന്നിവ -5%

2) എല്ലാവിധ ലബോറട്ടറി റീ ഏജന്റ്കൾ -12%

3) മണവും, മധുരവുമുള്ള സുപാരി, Flavour coated illachi (3822) – 18%

4) Carbonate ചെയ്ത Fruit Beverages (Fruit Drink) 28%+ (12%) cess

5) പുളിങ്കുരു (1209) (0% irrespective of use at present) –5%

6)പുളിങ്കുരു (1209)വിത്തിനായി ഉപയോഗിക്കുമ്പോൾ) –0%

7) UPS System/ Invertor എന്നിവയോടൊപ്പം വിൽക്കുന്ന എക്സ്റ്റേർണൽ ബാറ്ററി – –28%

8) UPS/ Invertor –18%

9) 2019 ജനുവരി 1 മുതൽ താഴെ പറയുന്ന renewable emergency projects–മായി ബന്ധപ്പെട്ട നികുതിയടക്കേണ്ടത് 70:30 എന്ന ratio യിൽ യഥാക്രമം goods ഉം service ഉം കണക്കാക്കിയായിരിക്കണമെന്ന് നേരത്തെ നിഷ്കർഷിച്ചിരുന്നു . അതുപോലെ തന്നെ 01.07.2017 മുതൽ 31.12.2018 വരെയുള്ള period ലും GST അടയ്ക്കാവുന്നതാണ്.

(a) Bio gas plant
(b) Solar power–based devices
(c) Solar power generator
(d) Wind mills/ wind operated electricity generator
(e) Waste to energy plants/devices
(f) Solar lantern/Solar lamp
(g) Ocean waves/tidal waves energy plants
(h) Photo Voltaire cells whether or not assembled

10) Distinction between fresh and dried fruits and nuts

Fresh fruits	0%
Dried Fruits	5%
Dried Nuts	12%

11)Containers made of paper and paper boards (whether corrugated or non–corrugated) –18%

12)Pharmaceutical goods falling under heading (3006) –12%

ഇവ സർക്കുലർ 163/2021 dated 06.10.2021 പ്രകാരം clarify ചെയ്തിട്ടുണ്ട്.

E) Service–മായി ബന്ധപ്പെട്ട് GST Tax Rate ൽ താഴെ പറയുന്ന clarifications നൽകിയിട്ടുണ്ട്.

1). Disabilities ഉള്ള വിദ്യാർത്ഥികൾക്ക് Central Sector Scheme ആയ “scholarships for students with disabilities" മായി ബന്ധപ്പെട്ട് സർക്കാറിതര കോച്ചിംഗ് സ്ഥാപനങ്ങൾ നടത്തുന്ന കോച്ചിംഗ് സർവ്വീസ് exempted ആയിരിക്കും.

2). Cloud kitchens/central kitchens തുടങ്ങിയവയെ 'Restaurant Service' ൽ ഉൾപ്പെടുത്തി 5% നികുതി വിധേയമാക്കിയിട്ടുണ്ട് (without ITC)

3). Ice cream parlour ൽ വിൽക്കുന്ന Ice-cream 18% tax ന് വിധേയമാണ്.

4). Toll Plaza കളിൽ ഈടാക്കുന്ന overloading charges GST യിൽ നികുതി വിധേയമല്ല. കാരണം ഇത് toll ന് സമാനമാണ്.

5). സംസ്ഥാന ട്രാൻസ്പോർട്ട്സ്ഥാപനങ്ങൾ, ലോക്കൽ അതോറിറ്റീസ് തുടങ്ങിയവ വാഹനം വാടകയ്ക്ക് നൽകുമ്പോൾ, ആയത്"giving on hire' എന്നതിന് കീഴിൽ കൊണ്ടുവന്ന് ആയതിനെ exempted ആക്കി മാറ്റാവുന്നതാണ്.

6) ധാതു പര്യവേഷണം (mineral exploration) ഖനനാനുമതി എന്നീ സർവ്വീസുകൾ (mining rights) 01.7.2017 മുതൽ 18% നികുതിയ്ക്ക് വിധേയമായിരിക്കും.

7). Amusement Parks (with rider) ലേക്കുള്ള പ്രവേശന നിരക്കിൻമേലുള്ള തുകയുടെ മേലുള്ള നികുതി നിരക്ക് 18 % ആയിരിക്കും. കാസിനോ സൗകര്യം ഉള്ളവയിൽ മാത്രമെ 28% നികുതിനിരക്ക് ബാധകമാകുകയുള്ളു.

8). “Alcoholic liquor for human consumption” എന്നത് ‘food, food products’ എന്നിവയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട job work services, food, food products എന്നിവയുമായി ബന്ധപ്പെട്ട job work services നായുള്ള 5% GST rate വരുന്ന entry യിൽ ഉല്ഴ്പ്പെടുന്നതല്ല. ഇത്തരം service 18% GST ക്ക് വിധേയമാണ്.

ഇവ സർക്കുലർ 164/2021 dated 06.10.2021 പ്രകാരം clarify ചെയ്തിട്ടുണ്ട്.

(F) Mint extract ചെയ്ത് നിർമ്മിക്കുന്ന mentha oil ന്റെ un-registered person-നിൽ നിന്നുള്ള supply (purchase) Reverse Charge Mechanism (RCM) ന് കീഴിൽ കൊണ്ടുവന്നു [Section 9(3)].

Notification 10/2021 Central tax (Rate) dated. 30.09.2021 പ്രകാരം ഇത് notify ചെയ്യപ്പെട്ടു. ഇതിൽ താഴെ പറയുന്നവ ഉൾപ്പെടും.

Sl.No.	HSN	ITEM
1	33012400	Peppermint oil
2	33012510	Spearmint oil
3	33012520	Watermint Oil
4	33012530	Horsemint oil
5	33012540	Bergamint oil

കൂടാതെ mentha oil ന്റെ Export LUT സമർപ്പിച്ചുകൊണ്ട് മാത്രമാക്കി restrict ചെയ്യണമെന്നും, ശേഷം input tax credit ന് മേൽ refund നൽകേണ്ടതാണെന്നും, council ശുപാർശ ചെയ്തിട്ടുണ്ട്.

G. ഇഷ്ടിക ചൂളകൾക്കുവേണ്ടി Special Composition Scheme ഏർപ്പെടുത്തുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. 20 ലക്ഷം രൂപ വരെ turnover ഉള്ളവർക്കായിരിക്കും ഈ സൗകര്യം ലഭ്യമാകുക. 01.04.2022 മുതൽ ലഭ്യമാകുന്ന ഈ Scheme -ൽ Composition opt ചെയ്യുന്നവർക്ക് 6% നികുതി നിരക്കായിരിക്കും നിലവിൽ വരിക. (without ITC). Composition Opt ചെയ്യാത്തവർക്ക് ITC ഉൾപ്പെടെ 12% നിരക്കിൽ തുടരാവുന്നതാണ്.

H. Footwear, textiles എന്നിവയുമായി ബന്ധപ്പെട്ട inverted duty structure, GST യിലെ rate കൾ മാറ്റിക്കൊണ്ട് ഇല്ലാതാക്കുന്നതിനായിട്ടുള്ള മുൻ കൗൺസിൽ തീരുമാനം 01.01.2022 മുതൽ നടപ്പാക്കുവാൻ Council തീരുമാനിച്ചു.

I. Job work - മായി ബന്ധപ്പെട്ട Form GST ITC 04 സമർപ്പിക്കുന്നതിനുള്ള Frequency, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടിക്ക് മുകളിൽ aggregate turnover ഉണ്ടായിരുന്ന Principal taxable persons ന് 6 മാസത്തിലൊരിക്കലും , 5 കോടിക്ക് താഴെ aggregate turnover ഉണ്ടായിരുന്നവർക്ക് വർഷത്തിൽ ഒരു പ്രാവശ്യവുമാക്കി മാറ്റി.

ഇത് നോട്ടിഫിക്കേഷൻ 35/2021 പ്രകാരം 2021 -ലെ 8 -ാം Rule amendment ഉൾപ്പെടുത്തിയിട്ടുണ്ട്.

J. നികുതിയുടെ മേലുള്ള Interest, Charge ചെയ്യപ്പെടുന്നത് Net tax due ന് മേൽ ആയതിനാൽ, Section 50(3), 01.07.2017 മുതൽ മുൻകാല പ്രാബല്യത്തോടെ amend ചെയ്യപ്പെടണമെന്നും ഇത് വഴി "ineligible ITC availed and utilized" ന് മേലായിരിക്കണം Interest അടക്കേണ്ടത് മറിച്ച് "ineligiblle ITC availed" ന് മേൽ ആയിരിക്കരുതെന്നും ശുപാർശ ചെയ്യപ്പെട്ടു.

ഇതോടൊപ്പം തന്നെ ഇത്തരത്തിലുള്ള കേസുകളുടെ മേൽ ചാർജ്ജ് ചെയ്യപ്പെടേണ്ട പലിശ 18% ആയിരിക്കുമെന്നും Council തീരുമാനമെടുത്തു.

K. SGST, CGST, IGST എന്നിവയുമായി ബന്ധപ്പെട്ട് Cash ledger -ൽ ഉണ്ടാകുന്ന unutilized balance മറ്റ് സ്റ്റേറ്റ്കളിൽ അതേ PAN -ൽ Register ചെയ്തിട്ടുള്ള Distinct persons ന് transfer ചെയ്ത് കൊടുക്കുവാൻ (Refund procedure ലേയ്ക്ക് പോകുന്നതിനു പകരം) അനുവദിക്കാവുന്നതാണെന്ന് Council ശുപാർശ ചെയ്തു.

L. താഴെ പറയുന്ന വിഷയങ്ങളിൽ Act-ൽ clarity വരുത്തുന്നതിനും, നിയമപരമായ തർക്കങ്ങൾ ഒഴിവാക്കുന്നതിനും clarification വരുത്തുന്നതിനുമായി circular പുറപ്പെടുവിക്കുന്നതിന് Council ശുപാർശ ചെയ്തു.

1. Scope of Intermediary Services.

2. Interpretation of "merely establishment of distinct person" in condition(r) of Section 2(6) for export Services.

3. The date of issuance of Debit Note (not the date of underlying invoice) shall determine for the relevant financial year for the purpose of Section 16(4) of CGST/SGST Act.

നോട്ടിഫിക്കേഷൻ 35/2021 dated.24/09/2021
8th Rule amendment of 2021

1. **Rule 10 A** (with effect from date as may be notified) Sub Section (1) ൽ

(i) 'Details of bank account' എന്നതിനുശേഷം "which is in name of the registered person and obtained on PAN of the registered person". എന്ന് കൂട്ടിച്ചേർത്തു.

Rule 10A പ്രകാരം ഒരു വ്യക്തി GST രജിസ്ട്രേഷൻ നേടി 45 ദിവസത്തിനകം bank account details, common portal –ൽ furnish ചെയ്യേണ്ടതുണ്ട്.

ഈ അമൻമെൻറ് പ്രകാരം ഇത്തരം ബാങ്ക് അക്കൗണ്ട് രജിസ്ട്രേഡ് പേർസന്റെ തന്നെ പേരിലുള്ളതായിരിക്കണമെന്നും ആയത് രജിസ്ട്രേഡ് പേർസന്റെ PAN ഉപയോഗിച്ച് open ചെയ്തിട്ടുള്ള Bank Account ആയിരിക്കണമെന്നും നിഷ്കർഷിക്കുന്നു. (Link ചെയ്തിരിക്കണം)

(ii). ഈ Rule നോടൊപ്പം താഴെ പറയുന്ന proviso ഉൾപ്പെടുത്തി.

രജിസ്ട്രേഷൻ എടുക്കുന്ന സ്ഥാപനം ഒരു proprietorship concern ആണെങ്കിൽ proprietor ടെ PAN അയാളുടെ ആധാറുമായും Link ചെയ്തിരിക്കണം.

2. Rule 10B ADDED

Rule 10B:– ADHAR AUTHENTICATION FOR 'REGISTERED PERSON'

Section 25 (6D) പ്രകാരം notify ചെയ്തിട്ടുള്ളവർ ഒഴികെയുള്ളവരിൽ Registration നേടിയിട്ടുള്ളവർ താഴെ പറയും പ്രകാരം Adhar Authentication നടത്തിയെങ്കിൽ മാത്രമെ, അതിന് താഴെ പറയുന്ന മൂന്ന് purpose കൾക്കായുള്ള Application, common portal ൽ സമർപ്പിക്കുമ്പോൾ Authorised Signatory എന്ന നിലയിൽ authenticate ചെയ്യുവാൻ സാധിക്കുകയുള്ളു.

TABLE–1

Registration Status	Whose Adhar to be authenticated to sign application
പ്രൊപ്രൈറ്റർഷിപ്പ്	പ്രൊപ്രൈറ്റർ
പാർട്ട്ണർഷിപ്പ്	ഏതെങ്കിലും ഒരു partner

ഹിന്ദു അൺഡിവൈഡഡ് ഫാമിലി	കർത്ത
കമ്പനി	മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ ഒരു full time Director കമ്മറ്റിയിലെ ഒരംഗം
അസോസിയേഷൻ ഓഫ് പേഴ്സൺസ്	മാനേജിംഗ് കമ്മറ്റിയിലെ ഒരംഗം
A body of individuals or a society	മാനേജിംഗ് കമ്മറ്റിയിലെ ഒരംഗം
Trust	A trustee in the Board of trust

TABLE-2

Purpose	
1	Rule 23 പ്രകാരം Application for revocaton of cancellation ഫയൽ ചെയ്യുന്നതിന് (FROM GST REG-21 ൽ)
2	Rule 89 പ്രകാരം FORM GST RFD-01 ൽ Refund application file ചെയ്യുന്നതിന്
3	Rule 96 പ്രകാരം integrated tax അടച്ച് Export നടത്തിയതുമായി ബന്ധപ്പെട്ട refund application

ഇതിനോടൊപ്പം കൂട്ടിച്ചേർത്തിട്ടുള്ള proviso പ്രകാരം TABLE-1 പ്രകാരമുള്ള വ്യക്തി ആധാർ അപേക്ഷിച്ച് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ Adhar authentication നടത്തുന്നതിന് താഴെ പറയുന്ന രേഖകൾ furnish ചെയ്യേണ്ടതാണ്.

a. ആ വ്യക്തിയുടെ Adhar enrolment ID slip

b. ഫോട്ടോ പതിച്ച ബാങ്ക് പാസ് ബുക്ക് or ഇലക്ഷൻ കമ്മീഷൻ issue ചെയ്ത voters Id or പാസ്പോർട്ട് or ഡ്രൈവിഗ് ലൈസൻസ് (മോട്ടോർവെഹിക്കിൾ ആക്ട് 1988 പ്രകാരം)

ഇത്തരത്തിൽ Adhar Authentication നടത്തുന്നവർ ആധാർനമ്പർ ലഭിച്ച് 30 ദിവസത്തിനകം Adhar number, authenticate ചെയ്യേണ്ടതാണ്.

3. Rule 23(1)ൽ "on his own motion" എന്നതിനു ശേഷം subject to the provision of Rule 10B എന്ന് കൂട്ടിചേർത്തു. (തീയതി, notify ചെയ്യുമ്പോൾ മുതൽ പ്രാബല്യം).റിവോക്കഷൻ application സമർപ്പിച്ചിരിക്കുന്നത് റൂൾ 10B പ്രകാരം അധികാരപ്പെട്ട വ്യക്തിയാണോ എന്ന്, പ്രസ്തുത application പരിശോധിക്കുമ്പോൾ proper officer ഉറപ്പുവരുത്തുന്നതിനു വേണ്ടിയാണ് ഈ മാറ്റം കൊണ്ടുവന്നിട്ടുള്ളത്.

4. Rule 45(3)ൽ 1.10.2021 മുതൽ താഴെ പറയുന്ന മാറ്റങ്ങൾ ഉണ്ടാകും.

i). "During the quarter" എന്നതിനു പകരം "during the specified period"എന്ന് substitute ചെയ്യും

ii). "Said quarter"എന്നതിനു പകരം "the said period" എന്ന് substitute ചെയ്യും.
iii). Proviso യ്ക്കുശേഷം താഴെ പറയുന്ന explanation കൂട്ടിച്ചേർക്കും.

ഈ റൂൾ പ്രകാരം "specified period"എന്നത്

a. പ്രിൻസിപ്പളിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ aggregate turnover 5 കോടിക്ക് മുകളിലായാൽ എല്ലാവർഷവും ഏപ്രിൽ ഒന്നിന് ആരംഭിക്കുന്ന തുടർച്ചയായ ആറുമാസവും, ഒക്ടോബർ ഒന്നിനു തുടങ്ങുന്ന തുടർന്നുള്ള ആറുമാസവും ആയിരിക്കും

b. (5 കോടിക്ക് താഴെയുള്ളവർക്ക്) ഇത് ഒരു സാമ്പത്തികവർഷവും ആയിരിക്കും.

ഈ മാറ്റം വഴി, Job Work നായി ഒരു Principal, Job Work റുടെ Business place ലേയ്ക്ക് transfer ചെയ്യുന്ന സാധനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന FORM GST ITC 04 ഫയൽ ചെയ്യുന്നതിനുള്ള Frequency യിൽ മാറ്റമുണ്ടായി.

നേരെത്തെ എല്ലാ Quarter ലും ചെയ്തിരുന്ന ഈ പ്രക്രീയ 01.10.2021 മുതൽ, തൊട്ടു മുന്നിലത്തെ സാമ്പത്തിക വർഷം 5 കോടിയിൽ കുറഞ്ഞ aggregate turnover ഉണ്ടായിരുന്ന Principal, FORM GST ITC 04 ഫയൽ ചെയ്യേണ്ടത് APRIL TO SEPTEMBER, OCTOBER TO MARCH എന്നീ രണ്ട് അർദ്ധവർഷങ്ങളിൽ ആണ്.

എന്നാൽ 5 കോടിയിൽ കുറഞ്ഞ turnover ഉണ്ടായിരുന്നവർക്ക് FORM GST ITC 04, മേൽ തീയതി മുതൽ ഒരു വർഷത്തിൽ ഒരു പ്രാവശ്യം ഫയൽ ചെയ്താൽ മതിയാകും.

5) RULE 59(6) ൽ 01.01.2022 മുതൽ താഴെ പറയുന്ന മാറ്റങ്ങൾ ഉണ്ടാകും.

i) Clause (a) യിൽ"for preceding two months"എന്നതിനു പകരം "for preceding month"എന്ന് substitute ചെയ്യ.
ii) Clause (c) ഒഴിവാകും.

ഈ മാറ്റം വഴി, നേരെത്തെ, ഒരു Registered person തുടർച്ചയായി രണ്ടു മാസം GSTR-3B ചെയ്യാതിരുന്നാൽ അയാളെ അടുത്ത മാസത്തെ GSTR-1 ഫയൽ ചെയ്യാൻ അനുവദിക്കുമായിരുന്നില്ല. ഈ മാറ്റത്തിലൂടെ തൊട്ടുമുന്നിലത്തെ മാസത്തെ GSTR-3B ഫയൽ ചെയ്യാത്തവരെ, നടപ്പ് മാസത്തെ GSTR-1 ഫയൽ ചെയ്യുവാൻ അനുവദിക്കുന്നതല്ല.

59(6) ന്റെ Clause(c) യിൽ electronic credit ledger-ൽ available ആയിട്ടുള്ളതിന്റെ 99% മാത്രം return filing നായി restrict ചെയ്യപ്പെട്ടിട്ടുള്ള ഒരു വ്യക്തിയ്ക്ക് (turnover above 50 Cr) നേരെത്തെ തന്നെ തൊട്ട് മുന്നിലെ മാസം GSTR-3B ഫയൽ ചെയ്യാത്തവരെ നടപ്പ് മാസത്തെ GSTR-1 ഫയൽ ചെയ്യുന്നതിന് അനുവദിച്ചിരുന്നില്ല. എന്നാൽ ഈ Rule amendment വഴി ഇത് എല്ലാവർക്കും ബാധകമാക്കിയതിനാൽ Clause(c)യ്ക്ക് പ്രസക്തിയില്ലാതായി.

6). Rule 89 ൽ (date notify ചെയ്യുന്നത് മുതൽ)

I). Sub Rule(1) ൽ "may file"എന്നതിനു ശേഷം "subject to the provisions of Rule 10B"കൂട്ടിചേർക്കുന്നതാണ്.

ii). Sub Rule (1) ന് ശേഷം Sub Rule Rule 1 (A) കൂട്ടിചേർത്തു.

ആദ്യ മാറ്റമനുസരിച്ച് പുതിയതായി വന്ന Rule 10B പ്രകാരം authenticate ചെയ്ത് വേണം Rule 89 പ്രകാരം refund application സമർപ്പിക്കേണ്ടത്.

Rule 89(1) ന് ശേഷം കൂട്ടിചേർത്ത Sub Rule (1A)പ്രകാരം, ഏതെങ്കിലും ഒരു taxable person, intra state supply ആയി കണക്കാക്കിയിരുന്ന ഒരു supply പിന്നീട് interstate supply ആയിത്തീരുന്ന സാഹചര്യത്തിൽ സമർപ്പിക്കുന്ന Section 77 പ്രകാരമുള്ള refund application (interstate supply യുമായി ബന്ധപ്പെട്ട tax അടച്ച തീയതി മുതൽ 2 വർഷത്തിനകം) FORM GST RFD 01-ൽ Common Portal- ൽ സമർപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം ചേർത്തിട്ടുള്ള പ്രൊവിസോ പ്രകാരം , ഇത്തരത്തിലുള്ള ഏതെങ്കിലും Inter State Supply യുമായി ബന്ധപ്പെട്ട refund application സമർപ്പിക്കുന്നതിനുള്ള രണ്ട് വർഷ കാലാവധി ഈ Sub Rule നിലവിൽ വരുന്നതിനു മുമ്പ് expire ആയിട്ടുണ്ടെങ്കിൽ, അത്തരക്കാർക്ക് ഈ Sub Rule നിലവിൽ വന്ന തീയതി മുതൽ (Date notify ചെയ്യുന്ന) രണ്ട് വർഷം വരെ application file ചെയ്യുന്നതിനുള്ള സമയം ലഭിക്കുന്നതാണ്.

7). Rule 96(4) ൽ Clause (b)യ്ക്ക് താഴെ നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽ clause (c) കൂട്ടിചേർക്കപ്പെടും.

ഈ Clause അനുസരിച്ച് Rule 96 പ്രകാരം integrated tax അടച്ച് export നടത്തുന്നവർ refund application സമർപ്പിക്കുമ്പോൾ അപേക്ഷകൻ Rule 10B പ്രകാരം Aadhar authentication നടത്തിയിരിക്കേണ്ടതാണ്.

8). Rule96(B)യ്ക്ക് ശേഷം Notify ചെയ്യപ്പെടുന്ന തീയതി മുതൽ Sub Rule 96(c) കൂട്ടിചേർക്കപ്പെടും.

96 (c) Bank Account for Credit of Refund:-

ഏതെങ്കിലും ഒരു Refund (Provisional/Full/interest related to refund)ന്റെ payment advice-ൽ GST RFD-05 ൽ കാണിക്കേണ്ട Bank Account (അതായത് refund credit ആകേണ്ട Bank Account) എന്നത് കൊണ്ട് അർത്ഥമാക്കുന്നത് Applicant-ന്റെ പേരിലുള്ളതും, PAN നുമായി link ചെയ്തതുമായ Bank Account ആയിരിക്കണം.

ഒരു Proprietorship Concern- ൽ, പ്രൊപ്രൈറ്ററുടെ PAN, Aadhar -മായി link ചെയ്തിരിക്കണം.

Notification 36/2021 dated 24.09.2021

ഇത് Notification 3/2021 ൽ വന്നിട്ടുള്ള amendment ആണ്.

2019 ലെ Finance Act പ്രകാരമാണ് Section 25(6)ന് ശേഷം 6A, 6B, 6C,6D എന്നീ Sub Section നകൾ ചേർക്കപ്പെട്ടത്.

ഇതിൽ 6A പ്രകാരം നിലവിലുള്ള എല്ലാ Registered persons ഉം അവരുടെ Aadhar number authenticate ചെയ്യുകയോ, Aadhar possess ചെയ്യുന്നതിനുള്ള Proof നിർദ്ദേശിക്കപ്പെടുന്ന രീതിയിൽ notify ചെയ്യുന്ന തീയതി മുതൽ notify ചെയ്യുന്ന രീതിയിൽ സമർപ്പിക്കുകയോ ചെയ്യണമെന്ന് നിഷക്കർഷിച്ചിരുന്നു. (ഇല്ലെങ്കിൽ notification പ്രകാരമുള്ള മറ്റെന്തെങ്കിലും proof of identification സമർപ്പിച്ചിരിക്കണം).

6B പ്രകാരം notify ചെയ്യുന്ന തീയതി മുതൽ ഏതൊരു വ്യക്തിക്കും രജിസ്ട്രേഷൻ യോഗ്യതയുണ്ടാകണമെങ്കിൽ, Aadhar number authenticate ചെയ്യുകയോ, Aadhar possess ചെയ്യുന്നതിനുള്ള Proof നൽകുകയോ ചെയ്യേണ്ടതുണ്ട്. (ഇല്ലെങ്കിൽ notification പ്രകാരമുള്ള മറ്റെന്തെങ്കിലും proof of identification സമർപ്പിച്ചിരിക്കണം)

6C പ്രകാരം Proprietorship അല്ലാത്ത case കളിൽ Kartha Director, Whole time director, Partner, managing committee member, member of Association, Board of trustees, authorized representative, authorized signatory എന്നിവയിൽ notification പ്രകാരമുള്ളവരുടെ ആധാർ മേൽപ്പറഞ്ഞ പ്രകാരം authentication ചെയ്യേണ്ടതുണ്ട്.

ഇതിൽ 6D പ്രകാരം Aadhar authenticate ചെയ്യേണ്ടതില്ലാത്ത താഴെപറയുന്ന സ്ഥാപനങ്ങളുടെ വിവരങ്ങളാണ് 03/2021 ൽ പ്രതിപാദിച്ചിരുന്നത്.

a) not a citizen of India

b) Department or establishment of Central and State Government

(c) A local Authority

d) A statutory body

e) A public sector undertaking

f) Section 25(9) പ്രകാരം രജിസ്ട്രേഷൻ അപേക്ഷ നൽകുന്നവർ

നോട്ടിഫിക്കേഷൻ 03/2021 section 25(A)ലെ 6B, 6C എന്നീ sub section നുമായി ബന്ധപ്പെട്ടാണ് മേൽ വിഭാഗക്കാരെ ഒഴിവാക്കിയിരുന്നത്. ഈ നോട്ടിഫിക്കേഷൻ വഴി 03/2021 amend ചെയ്തതിലൂടെ Section 25 ലെ 6A എന്ന subsection കൂടി ഇതിൽ ഉൾപ്പെടുത്തി. ഇതുവഴി നേരത്തെ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടായിരുന്ന മേൽ വിഭാഗത്തിൽപ്പെട്ടവരെക്കൂടി Adhar authentication ൽ നിന്ന് ഒഴിവാക്കി.

Circular 159/2021 dated 20.09.2021

45-ാം GST Council ശുപാർശ പ്രകാരം Intermediary Service ന്റെ Scope നെ സംബന്ധിച്ച് സംശയങ്ങളുമായി ബന്ധപ്പെട്ട Clarification നൽകുന്നതിലേക്കാണ് ഈ സര്ക്കുലര് ഇറക്കിയിട്ടുളളത്.

Section 2(13) പ്രകാരം ഒരു ബ്രോക്കർ, ഒരു ഏജന്റെ അല്ലെങ്കില് മറ്റേതെങ്കിലും ഒരാൾ ഒരു സാധനത്തിന്റെയോ, ഒരു സെക്യൂരിറ്റിയുടെയോ Supply നടക്കുന്നതിനാവശ്യമായ സൗകര്യം മറ്റ രണ്ടോ അതിലധികമോ ആളുകൾക്കിടയില് ഒരുക്കികൊടുക്കയും, അത്തരത്തിലുള്ളയാൾ Supply യിലുൾപ്പെടുന്ന സാധനത്തിന്റെയോ സേവനത്തിന്റെയോ സെക്യൂരിറ്റിയിലുടെയോ Supplay നടത്തുന്ന ആളല്ലാതിരിക്കുകയും ചെയ്താല്, അത് Intermediary Service ആയിരിക്കും.

Primary Requrements

1. കുറഞ്ഞത് മൂന്ന് വ്യക്തികൾ ഉണ്ടായിരിക്കണം

   a) Supply നടത്തുന്നത് രണ്ട് പേർ (Main sSupply)
   b)Supply യ്ക്ക് സൗകര്യമൊരുക്കുന്ന മറ്റൊരാൾ

2) രണ്ട് വ്യത്യസ്ത Supply കൾ ഉണ്ടായിരിക്കണം

   a)രണ്ട് Principals ന് ഇടയിലെ Main Supply (Goods/Service/ Security)
   b)രണ്ട് Principal ന് ഇടയിലെ Supply യ്ക്ക് സൗകര്യമൊരുക്കുന്ന Amillery Supply (Service)

3) Intermediary Service Provide ചെയ്യുന്നയാൾക്ക് ഒരു ബ്രോക്കർ, ഏജന്റ് അല്ലെങ്കില് അതിന് സമാനമായ Character ഉണ്ടായിരിക്കണം.

4) Intermediary Service Provide ചെയ്യുന്നയാള് Main Supply നടത്തുന്ന ആളുകളിലൊരാൾ ആകരുത്.

5) ഒരു Service Contract മറ്റൊരാൾക്ക് Sub-contract ചെയ്തുകൊടുത്താല് അത് ഒരു Intermediary Service ആയിരിക്കില്ല.

Circular 160/2021 dated 20.09.2021

GST യുമായി ബന്ധപ്പെട്ട് ഉയർന്ന് വരുന്ന എതാനും (3) വിഷയങ്ങളുടെ മേലുള്ള Clarification ആണ് ഈ സർക്കുലർ.

1. **Section 16(4),** 01.01.2021 ൽ amend ചെയ്തതനുസരിച്ച്, ഒരു രജിസ്റ്റേഡ് പേഴ്സൺ ഒരു ഇൻവോയിസോ, ഡെബിറ്റ് നോട്ടോ ആയി ബന്ധപ്പെട്ട ഇൻപുട്ട് ടാക്സ് ക്രഡിറ്റ്, ആ ഇൻവോയിസ്/ഡെബിറ്റ് നോട്ട് ഉൾപ്പെട്ട സാമ്പത്തിക വർഷത്തിന്റെ തൊട്ടടുത്ത സാമ്പത്തിക വർഷത്തിലെ സെപ്റ്റംബർ മാസത്തെ GSTR-3B ഫയൽ ചെയ്യുന്നതിനുള്ള അവസാന തീയതി, ആ വർഷത്തെ Annual return file ചെയ്ത തീയതി എന്നിവയിലെതാണ് ആദ്യം വരുന്നത്, ആ തീയതിയ്ക്ക് ശേഷം avail ചെയ്യുവാൻ സാധിക്കുന്നതല്ല.

ഇതുമായി ബന്ധപ്പെട്ട രണ്ട് സംശയങ്ങളും അവയുടെ Clarification -ഉം താഴെ പറയുന്നു.

താഴെ പറയുന്നവയിൽ ഏത് തീയതിയാണ് മേൽപ്പറഞ്ഞ സാമ്പത്തിക വർഷം തീരുമാനിക്കുന്നതിനായി പരിഗണിക്കുന്നത്.

a) ഡെബിറ്റ് നോട്ട് issue ചെയ്ത തീയതി.
b) ഇൻവോയിസ് issue ചെയ്ത തീയതി.

01.01.2021 ലെ amendment ന് മുമ്പ് ഇൻവോയിസ് അല്ലെങ്കിൽ Debit note -മായി ബന്ധപ്പെട്ട invoice ന്റെ date എത് സാമ്പത്തിക വർഷത്തിലാണോ, അതിന്റെ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ September മാസത്തെ return ഫയൽ ചെയ്യുന്നതിന് അവസാന തീയതി വരെ ഇൻപുട്ട് ടാക്സ് avail ചെയ്യാമായിരുന്നു.

എന്നാൽ 01.01.2021 ലെ amendment, invoice നേയും Debit note നേയും de-link ചെയ്തു. ഇത് പ്രകാരം 01.01.2021 ന് ശേഷം issue ചെയ്ത Debit note കളിൽ Section 16(4) പ്രകാരമുള്ള Financial year തീരുമാനിക്കുന്നത് ആ Debit note ന്റെ തീയതി ആയിരിക്കും.

ഉദാഹരണം 1 :- 16.03.2021 -ൽ നൽകിയ ഒരു ഇൻവോയിസുമായി ബന്ധപ്പെട്ട് 07.07.2021 ൽ ഒരു Debit note issue ചെയ്താൽ (01.01.2021 ന് ശേഷം) Invoice issue ചെയ്തിരിക്കുന്നത് 2020-21 സാമ്പത്തിക വർഷത്തിലായതിനാൽ ഈ Invoice -മായി ബന്ധപ്പെട്ട് ITC avail ചെയ്യുന്നതിനുള്ള relevant financial year 2020-21 ആയിരിക്കും.

എന്നാൽ Debit note issue ചെയ്തിരിക്കുന്നത് 2021-22 സാമ്പത്തിക വർഷത്തിലായതിനാൽ Debit note -മായി ബന്ധപ്പെട്ട് ITC avail ചെയ്യുന്നതിനുള്ള relevant financial year 2021-22 ആയിരിക്കും.

ഉദാഹരണം 2 :-15.07.2019 -ൽ issue ചെയ്ത ഒരു Invoice -മായി ബന്ധപ്പെട്ട Debit note 10.11.2020-ൽ issue ചെയ്യുന്നു. (01.01.2021 ന് മുമ്പ്)

ഇവിടെ Invoice 2019-20 ലും Debit note 2020-21 ലുമാണ് issue ചെയ്തിരിക്കുന്നതെങ്കിലും, Debit note issued ചെയ്തിരിക്കുന്നത് 01.01.2021 ന് മുമ്പ്ആയതിനാൽ (amendment ന് മുമ്പ്), Debit note-മായി ബന്ധപ്പെട്ട invoice തീയതിയുൾപ്പെടുന്ന സാമ്പത്തിക വർഷമായിരിക്കും relevant financial year. അതായത് 2019-20.

2. Rule 48(4) പ്രകാരം Invoice issue ചെയ്യുന്ന Supplier (e-invoice) ഇൻവോയിസിന്റെ Physical Copy സാധനം ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേയ്ക്ക് Transport ചെയ്യുമ്പോൾ നിർബന്ധമാണോ?.

Rule 138(1) പ്രകാരം Goods ന്റെ transportation ഒരു വാഹനത്തിൽ നടത്തുമ്പോൾ, ചരക്ക് വാഹനത്തിന്റെയും സാധനത്തിന്റെയും അധികാരപ്പെട്ട വ്യക്തി (മിക്കവാറും ഡ്രൈവർ) ആയതുമായി ബന്ധപ്പെട്ട invoice/bill of supply/delivery Challan എന്നിവയിലേതെങ്കിലും ഒന്നും, ആവശ്യമെങ്കിൽ e-way bill എന്നിവ Physical ആയി കൈവശം വച്ചോ RFID (Radio Frequency Identification Device) -ൽ map ചെയ്ത് വാഹനത്തിൽ പതിപ്പിച്ചോ ചരക്കു നീക്കം നടത്താവുന്നതാണ്.

Rule 138A(2)-നെ Notification 72/2020 dated 30.09.2020 പ്രകാരം amend ചെയ്തത് അനുസരിച്ച് Rule 48(4) പ്രകാരം Invoice issue ചെയ്യുന്നവർക്ക് electronic ആയി invoice proper officer മുമ്പാകെ produce ചെയ്യാവുന്നതാണെന്ന് അനുശാസിക്കുന്നു.

Rule 138A(1), 138A(2) എന്നിവയുടെ പശ്ചാത്തലത്തിൽ, e-invoice generate ചെയ്യുന്നവർക്ക് invoice ന്റെ Physical Copy സാധനം മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ട് പോകുമ്പോൾ കരുതേണ്ടതില്ല എന്ന് ഈ Circular clarify ചെയ്യുന്നു. ഇത്തരത്തിൽ e-invoice generate ചെയ്യുന്നവർ പരിശോധിക്കുന്ന ഓഫീസർ മുമ്പാകെ Invoice Reference Number (IRN) പതിച്ചിട്ടുള്ള QR Code (Quick Reference Code),electronic ആയി സമർപ്പിക്കേണ്ടതാണ്.

3. Section 54(3)ന്റെ ഒന്നാം Proviso Export duty rate 'Nil' ആയിട്ടുള്ള സാധനങ്ങളുടെ Export-മായി ബന്ധപ്പെട്ട unutilized ITC refund തടയുന്നുണ്ടോ?.

ഈ Proviso പ്രകാരം ഇന്ത്യയിൽ നിന്ന് പുറത്തേയ്ക്ക് Export ചെയ്യപ്പെടുന്ന സാധനങ്ങൾ Export duty -യ്ക്ക് വിധേയമാണെങ്കിൽ അവയുമായി ബന്ധപ്പെട്ട unutilised Input tax credit ന് മേൽ refund ലഭിക്കുന്നതല്ല.

ഈ Proviso യിലെ Subject to export duty എന്ന പ്രയോഗം, Export duty യഥാർത്ഥത്തിൽ liable ആയ ഒരു സാധനം Export സമയത്ത് Export duty suffer ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ ഈ proviso യുടെ restriction ന് വിധേയമാകുന്നുള്ളൂ.

Circular 161/2021 dated 20.09.2021

സർവ്വീസ് export -മായി ബന്ധപ്പെട്ട Clarification : (IGST Act ലെ Section 2(6) ലെ 5-ാംമത്തെ Condition)

ഒരു Foreign Company യുടെ ഇന്ത്യയിലുള്ള Subsidiary/sister Concern/Group Concern etc, കളിൽ ഇന്ത്യൻ നിയമവുമായി incorporate ചെയ്തിട്ടുള്ള ഒരു കമ്പനി, ഇന്ത്യയ്ക്ക് പുറത്തുള്ള നിയമവുമായി incorporate ചെയ്തിട്ടുള്ള മറ്റൊരു Foreign Company

കമ്പനിയ്ക്ക് നടത്തുന്ന Supply, IGST Act -ലെ Section 2(6) -ലെ Condition (V)തടസ്സപ്പെടുത്തുമോ (hint.)?

ഇത്തരത്തിലുള്ള ഒരു Foreign Company ഇന്ത്യൻ Companies Act 2013 പ്രകാരം incorporate ചെയ്യപ്പെട്ടുണ്ടെങ്കിൽ, ഈ കമ്പനിയുടെ മറ്റൊരു establishment ഇന്ത്യയ്ക്ക് പുറത്ത് സ്ഥിതി ചെയ്യുന്നുവെങ്കിൽ ആ കമ്പനിയുമായി ടി കമ്പനി നടത്തുന്ന supply -യെ Section 6(2)-ലെ Condition 5, export ആയി കണക്കാക്കുന്നതിൽ നിന്നും bar ചെയ്യുന്നില്ല.

അത് പോലെ തന്നെ ഇന്ത്യയിൽ incorporate ചെയ്തിരിക്കുന്ന ഒരു കമ്പനി അതിന്റെ വിദേശത്തുള്ള related establishments -മായി (ആ വിദേശ രാജ്യത്തെ നിയമങ്ങളുമായി incorporate ചെയ്യപ്പെട്ടിരിക്കുന്നുവെങ്കിൽ) നടത്തുന്ന Supply-യെ supply to merely establishments of distinct person ആയി കണക്കാക്കുവാൻ സാധിക്കുന്നതല്ല. (under explanation 1 of Section 8 IGST). ആയതിനാൽ അത്തരം Supply -യും Export of Services ആയി കണക്കാക്കും. (2(6)-ലെ മറ്റ് കണ്ടീഷനുകൾ Fulfill ചെയ്താൽ)

Circular No. 162/2021 dated 25.09.2021

ഇത് GST Act Section 77 (1), IGST Act Section 19(1) പ്രകാരവും നല്കുന്ന refund മായി ബന്ധപ്പെട്ട ഒരു clarification ആണ്.

Refund category യിൽ നമുക്ക് portal ൽ ലഭ്യമാകുന്ന ഒരു item,"tax paid under IGST Act subsequntly held as interstate supply" എന്നതാണ്.

ഒരു Registered person intra state supply ആയി കണക്കാക്കി ഏതെങ്കിലും വിനിമയത്തിന്റെ നികുതി SGST, CGST എന്നീ head കളിലേക്ക് അടയ്ക്കുകയും, പിന്നീട് അത് Inter state supply ആണെന്ന് മനസ്സിലാക്കുകയും ചെയ്യുമ്പോൾ (മറിച്ചുമാകാം), അയാൾക്ക് യഥാർത്ഥ head-ൽ പണം അടച്ച ശേഷം ആദ്യം തെറ്റായി അടച്ച head കളിലെ തുക refund ആയി അപേക്ഷിച്ചു വാങ്ങാവുന്നതാണെന്ന് CGST/SGST Act 77 (1) ലും IGST Act 19(1) ലും പ്രതിപാദിച്ചിട്ടുണ്ട്.

ഇത്തരത്തിൽ തെറ്റായി അടച്ച തുക യഥാർത്ഥ head ലേക്ക് അടയ്ക്കുമ്പോൾ interest അടയ്ക്കേണ്ടതില്ലാ എന്നും മേൽ Section-കളിൽ പറയുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ഒന്നാമത്തെ സംശയം ഇത്തരത്തിലുള്ള refund claim ന് അർഹതയുള്ളത്, scrutiny/assessment/audit/investigation/ adjudication/ appellate proceedings എന്നിവയിലൂടെ, ന്യൂനത കണ്ടെത്തിയതുവഴി, head മാറ്റം വരുത്തി അടച്ച തുകയ്ക്ക മേൽ മാത്രമാണോ , അതോ Registered person സ്വയം ഇത്തരം അപാകത മനസ്സിലാക്കി, head മാറ്റം വരുത്തി അടച്ചിട്ടുള്ള തുകയിലും ഇത് ബാധകമാണോ എന്നതാണ്.

ഈ സർക്കുലർ വഴി ഇത്തരം refund നുള്ള അർഹത രണ്ട് case കളിലും ഉണ്ടായിരിക്കുന്നതായി clarify ചെയ്തിരിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട രണ്ടാമത്തെ സംശയം refund application സമർപ്പിക്കേണ്ട അവസാന തീയതിയുമായി ബന്ധപ്പെട്ട relevent date ന് സംബന്ധിച്ചാണ്.

ഏതൊരു refund അപേക്ഷയും സമർപ്പിക്കേണ്ടത് അതുമായി ബന്ധപ്പെട്ട relevent date ൽ തുടങ്ങി രണ്ടു വർഷം അവസാനിക്കുന്നതിനു മുൻപായിരിക്കണം.

ഇവിടെ ചർച്ച ചെയ്യുന്ന Section 77 (CGST/SGST) പ്രകാരമുള്ള refund നുള്ള relevant date നെ സംബന്ധിച്ച്, ഇതുമായി ബന്ധപ്പെട്ട Rule 89 ൽ 1A എന്ന Sub Rule കൂട്ടിചേർത്തുകൊണ്ട് വിശദികരിച്ചിട്ടുണ്ട്. ഇതു പ്രകാരം Relavant date ആയി വരുന്നത് താഴെ പറയും പ്രകാരമായിരിക്കും.

ഒരാൾ Intra-state Supply ആയി കണക്കാക്കി SGST/CGST ആയി നികുതിയടച്ച ഒരു transaction പിന്നീട് Interstate Supply ആയി കണക്കാക്കപ്പെട്ട്, അയാൾ യഥാർത്ഥ head ആയ IGST-യിൽ വീണ്ടും പണമടച്ച് Refund ന് അപേക്ഷിക്കുമ്പോൾ Relevant date ആയി കണക്കാക്കുന്നത് ശരിയായ head ൽ രണ്ടാമത് പണമടച്ച തീയതിയായിരിക്കും. ഈ തീയതി മുതൽ രണ്ടു വർഷം വരെ അയാൾക്ക് Refund application സമർപ്പിക്കാവുന്നതാണ്.

Sub Rule 1A യോടൊപ്പം Rule 89 ൽ കൂട്ടിച്ചേർക്കപ്പെട്ട Provisio പ്രകാരം മേൽ വിവരിച്ച Relavant date നിശ്ചയിക്കുന്നതിനുള്ള Tax അടച്ചിട്ടുള്ളത് Sub-rule 1A നിലവിൽ വന്നിട്ടുള്ള തീയതിയായ 24.09.2021 നു മുൻപ് ആണെങ്കിൽ, അയാളുടെ Relavant Date 24.09.2021 ആയിരിക്കും. ഇത്തരത്തിലുള്ളവർക്ക് 23.09.2023 വരെ Form GST RFD-01 ൽ Refund Application സമർപ്പിക്കാവുന്നതാണ്.

Circular ന്റെ summary

Situation	Date of first payment of Tax (wrong head)	Date of payment in correct head	Relavant date
1.Registered person സ്വയം തിരിച്ചറിഞ്ഞ് correct head ൽ പണമടക്കുമ്പോൾ (24.09.2021 നു മുൻപ്)	25.03.2021	28.07.2021	23.09.2023
2.Registered person സ്വയം തിരിച്ചറിഞ്ഞ് correct head ൽ പണമടക്കുമ്പോൾ (24.09.2021 നു ശേഷം)	10.08.2021	10.01.2021	09.01.2023
3. Proper Officer/ adjudating Authority/ Appellate Authority എന്നിവരിൽ ആരെങ്കിലുമാണ് തീരുമാനമെടുക്കുകയും Tax Payer ശരിയായ head ൽ പണമടക്കുകയും	20.04.2021	10.05.2019	23.04.2023

ചെയ്താൽ (24.09.2021 ന് മുൻപ്)			
4.Proper Officer/ adjudating Authority/ Appellate Authority എന്നിവരിൽ ആരെങ്കിലുമാണ് തീരുമാനമെടുക്കുകയും Tax Payer ശരിയായ head ൽ പണമടക്കുകയും ചെയ്താൽ (24.09.2021 ന് ശേഷം)	10.07.2023	15.12.2021	14.12.2023

Notification 35/2021 dated 24.09.2021 പ്രകാരം Rule 89 (1A)കൂട്ടിച്ചേർക്കപ്പെടുന്നതിനു മുൻപ് ഫയൽ ചെയ്തിട്ടുള്ള Application കളും ഈ Sub Rule പ്രകാരം കൈകാര്യം ചെയ്യേണ്ടതാണ്.

Section 77 of CGST/ Section 19 of IGST Act പ്രകാരമുള്ള Refund, Credit Note issue ചെയ്യുകൊണ്ട് ആദ്യം നടത്തിയ payment adjust ചെയ്തിട്ടുള്ള Tax Payers ന് ലഭിക്കുന്നതല്ല.

Tax (Rate) Notifications

1. NOTIFICATION NO.06/2021 – Central Tax (Rate) dated 30.09.2021:-

AMENDMENTS IN NOTIFICATION 11/2017 Central Tax (Rate) [TAX RATE NOTIFICATION ON SERVICES]

a) Sl.No.3 (Construction Services)

Central Tax (Rate) Notification 11/2017 –ലെ Sl.No.3 ൽ മൂന്നാമത്തെ കോളത്തിൽ 12AA
എന്നതിന് ശേഷം "or 12AB" എന്നത് കൂട്ടിചേർത്തു.

ഇവിടെ IT Act–ൽ 12AA പ്രകാരം Register ചെയ്ത് IT exemption നേടിയിരുന്ന Charitable സ്ഥാപനങ്ങളിൽ, സർക്കാറിതര സ്ഥാപനങ്ങൾ 12AB പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണമെന്ന പുതിയ വ്യവസ്ഥ IT Act –ൽ നിലവിൽ വന്നതുമായി ബന്ധപ്പെട്ടാണ് ഈ മാറ്റം വന്നിട്ടുള്ളത്.

ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ കേന്ദ്ര –സംസ്ഥാന സർക്കാരുകളുടെയോ , പ്രാദേശിക ഭരണ സമിതികളുടെയോ mid–day meals scheme –മായി ബന്ധപ്പെട്ട് ഭക്ഷണം തയ്യാറാക്കുന്നതിനോ, വിളമ്പുന്നതിനോ വേണ്ടി നിർമ്മിക്കുന്ന

കെട്ടിടങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട Construction Services – ന് 12% നികുതി നിരക്ക് ലഭ്യമാക്കുന്നതിന് (12AB പ്രകാരം രജിസ്റ്റർ ചെയ്തവർക്ക്) വേണ്ടിയാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്.

b) <u>GST in the use of intellectual property right : –</u>

Serial No. 17–ൽ

A. Item No.(i) –ഉം അതിലെ എൻട്രിയും ഒഴിവാക്കി
B. Item No.(ii) substitute ചെയ്തു.

Item No.(i) പ്രകാരം, നേരത്തേ, IT Software ഒഴികെയുള്ള സാധനങ്ങളുടെ intellectual property right പൂർണ്ണമായോ ഭാഗികമായോ മറ്റൊരാൾക്ക് ഉപയോഗിക്കുവാൻ അനുവദിച്ചാൽ ആയതിന് 12% (6+6) GST –യും IT Software വഴിയുള്ള intellectual property –യാണെങ്കിൽ ആയതിന് 18% –വും GST നിരക്കാണ് ഉണ്ടായിരുന്നത്.

ഈ amendment പ്രകാരം 12% നികുതി നിരക്ക് ഒഴിവാക്കികൊണ്ട് എല്ലാ intellectual property right –ന്റെ കൈമാറ്റവും 18% ആക്കി മാറ്റി.

c) <u>Job Work Services :–</u>

Serial No.26 – ൽ entry(ic) യ്ക്ക് ശേഷം (ica) എന്ന പുതിയ ഒരു entry insert ചെയ്തു.

ഇത് പ്രകാരം മദ്യത്തിന്റെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ജോബ് വർക്ക് സർവ്വീസിനെ 18% GST വിധേയമാക്കി.

d) Serial No. 27–ൽ

A. Item No.(i) –ഉം അതിലെ entries–ഉം ഒഴിവാക്കി
B. Item No.(ii)–ലെ entry substitute ചെയ്തു.

നേരത്തെ Item (i)പ്രകാരം chapter 48 നോ 49 നോ കീഴിൽ വരുന്ന ന്യൂസ് പേപ്പർ, ബുക്കുകൾ എന്നിവയുടെ Printing Service കളെ 12 % GST Rate ൽ ഉൾപ്പടുത്തുകയും, മുൻ Entry കളിൽ ഉൾപ്പെടാത്ത Manufacturing Service കൾ Publishing, Printing and Reproduction Services (Item (i)ലേത് ഒഴികെ) Material Recovery Services എന്നിവ Item (ii) ലുൾപ്പെടുത്തി 18 % Tax ന് കീഴിൽ കൊണ്ടുവന്നിരുന്നു.

ഈ amendment വഴി ഈ രണ്ട് Entry കളും 18% നിരക്കിലേക്ക് മാറി. ഇത് നടപ്പാക്കുന്നതിനാണ് Item (i) ഒഴിവാക്കുയും Item (ii) substitute ചെയ്യുകയും ചെയ്തിട്ടുള്ളത്.

(e) Serial No.34 ൽ Item (iii), Item (iiia) എന്നിവ substitute ചെയ്യ.

Item(iii) ൽ Services by Way of Admission to Amusement Parks including Theme Park, Water Park എന്നതിൽ അടിവരയിട്ട ഭാഗം ഒഴിവാക്കുകയും Item (iiia)ൽ ഉൾ പ്പെടാത്തവ എന്ന് കൂട്ടിചേർക്കുകയും ചെയ്യ. (18 % GST).

അതുപോലെ (iii a)ൽ

Service by Way of Admission to Entertainment Events or access to Amusement Facilities Including Cinematograph Films, Casinos, race Clubs– etc എന്നതിൽ നിന്നും അടിവരയിട്ട ഭാഗം ഒഴിവാക്കി (28% GST).
(ii) "Annexure Scheme of Classification of Services" ൽ Serial Number 118 ന് ശേഷം 118a, 118 b എന്നി രണ്ട് Entries താഴെ പറയുന്ന രീതിയിൽ കൂട്ടിചേർത്തു.

(I)	(2) Group	(3)SAC	(4)Service Description
118A	**99654**		**Multi modal Transport of Goods from a place in India to another place in India**
118 B		996541	Multi modal Transport of Goods from a place in India to another place in India from a place in India to another place

മീറ്റിംഗിൽ പങ്കെടുത്ത വ്യാപാരി പ്രതിനിധികൾ ഉയർത്തിയ ആശയങ്ങളും മറുപടിയും.

1. SEZ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിരുന്ന സ്ഥാപനത്തിന്റെ SEZ status അവസാനിക്കുന്ന അവസരത്തിൽ പ്രസ്തുത സ്ഥാപനത്തിന് അതേ GST യിൽ തുടർന്ന് പ്രവർത്തിക്കുന്നതിന് അർഹതയുണ്ടോ?

SEZ unit ൽ യൂണിറ്റിൽ രജിസ്റ്റർ ചെയ്തിരുന്ന സ്ഥാപനത്തിന്റെ SEZ status അവസാനിക്കുന്നതോടെ SEZ unit എന്ന status ന് കീഴിൽ GST Act പ്രകാരം എടുത്തിട്ടുള്ള രജിസ്ട്രേഷനും നിലനിൽക്കുന്നതല്ല. ഇത്തരം സ്ഥാപനങ്ങൾക്ക് തുടർന്ന് പ്രവർത്തിക്കുന്നതിന് normal taxable person ആയി തുടർന്ന് മറ്റൊരു രജിസ്ട്രേഷൻ എടുക്കേണ്ടതായി വരും. (Turn Over പരിധി ഉണ്ടെങ്കിൽ).

യോഗം 4.30 ന് അവസാനിച്ചു.

ഒപ്പ്/–

സംസ്ഥാന നികുതി ജോയിന്റ് കമ്മീഷണർ

പകർപ്പ്:

കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
അഡീഷണൽ കമ്മീഷണർ, സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്,
ശ്രീ. ടോംസ് ജോൺ ,സൂപ്രണ്ട്, സി.ജി.എസ്.റ്റി.
ശ്രീ. ബി.മനു, ഡെപ്യൂട്ടി കമ്മീഷണർ , സ്പെഷ്യൽ സർക്കിൾ തിരുവനന്തപുരം.
ശ്രീ. വി, ശൈലേന്ദ്രൻ ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്), തിരുവനന്തപുരം
ശ്രീ.എസ്.ഷൈൻ, ഡെപ്യൂട്ടി കമ്മീഷണർ, തിരുവനന്തപുരം
ശ്രീമതി ലെന .എസ്, ഡെപ്യൂട്ടി കമ്മീഷണർ, നെയ്യാറ്റിൻകര.
ശ്രീ. എസ്.സാബു കുമാർ, ഡെപ്യൂട്ടി കമ്മീഷണർ , സ്പെഷ്യൽ സർക്കിൾ
ശ്രീ.സജിത്.പി.എസ്, ഡെപ്യൂട്ടി കമ്മീഷണർ, സ്പെഷ്യൽ സർക്കിൾ, തിരുവനന്തപുരം.

ശ്രീ.വൈ വിജയൻ – കെ.വി.വി.ഇ.എസ്
ശ്രീ.സദാനന്ദൻ – ജനറൽമർച്ചൻറ്സ്
ശ്രീ പാപ്പനംകോട് രാജപ്പൻ – കെ.യു.വി.എ.എസ്
ശ്രീ. വർഗ്ഗീസ് വി.കെ – സെക്രട്ടറി– കെ.എസ്.എസ്. ഐ
ശ്രീ.മധുസൂധനൻ നായർ. ബി. – എ.കെ.ടി.ഐ
ശ്രീ. പരമേശ്വർ. ജെ.ഡി.